## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2882 — 20.12.2012-ൽ മറുപടിയ്ക്ക്

### സംസ്ഥാന സ്ക്കൂൾ കായികോൽസവം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ .സി. എഫ്. തോമസ്<br>ശ്രീ.റ്റി.യു. കുരുവിള<br>ശ്രീ. മോൻസ് ജോസഫ് | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി ) |
| (എ) ഇക്കഴിഞ്ഞ സംസ്ഥാന സ്ക്കൂൾ കായികോൽസവം സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | (എ) നടത്തിയിട്ടില്ല. |
| (ബി) കുട്ടികൾ കൈവരിച്ച വിജയം നിലനിർത്തുന്നതിനും കൂടുതൽ നേട്ടങ്ങൾ കൈവരിക്കുന്നതിനുമായി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിക്കാൻ ഉദ്ദേശ്യമുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | (ബി) വിഷയം ഇപ്പോൾ പരിഗണനയിലില്ല. |
| (സി) കായിക മേളയിൽ മികച്ച പ്രകടനം കാഴ്ച വച്ച കുട്ടികൾക്കും സ്ക്കൂളുകൾക്കും എന്തെല്ലാം പ്രത്യേക പാരിതോഷികങ്ങളും പ്രോത്സാഹനങ്ങളും നൽകുമെന്ന് വ്യക്തമാക്കുമോ ; | (സി) കായികമേളയിൽ ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ കൈവരിച്ച വിദ്യാർത്ഥികൾക്ക് യഥാക്രമം 725, 650, 525 എന്ന നിരക്കിൽ പ്രൈസ് മണിയും, ദേശീയ മീറ്റ് റെക്കാർഡ് ഭേദിക്കുന്ന കുട്ടികൾക്ക് 5000/- രൂപാ വീതവും സംസ്ഥാന മീറ്റ് റെക്കോർഡ് ഭേദിക്കുന്ന കുട്ടികൾക്ക് 2000/- രൂപ വീതവും വ്യക്തിഗത ചാമ്പ്യൻമാർക്ക് |

(.............2)

2 ഗ്രാം സ്വർണ്ണവും പാരിതോഷിക - മായി നൽകുന്നുണ്ട്. ഒന്നു മുതൽ എട്ട് വരെ സ്ഥാനം കരസ്ഥമാക്കുന്ന വർക്ക് ഗ്രേസ് മാർക്ക് നൽകുന്നുണ്ട് .

ഏറ്റവും കൂടിയ പോയിന്റ് നിലവാരം കരസ്ഥമാക്കിയ ആദ്യത്തെ മൂന്ന് വിദ്യാലയങ്ങൾക്ക് യഥാക്രമം 1,10,000/-, 82,500/-, 55,000/- എന്നീ നിരക്കിൽ ക്യാഷ് അവാർഡും നൽകുന്നുണ്ട്.

(ഡി) മികച്ച പ്രകടനം കാഴ്ചവച്ച സ്കൂളുകൾക്ക് സ്റ്റേഡിയവും മറ്റും മികവുറ്റതാക്കുന്നതിന് പ്രത്യേക ഫണ്ട് അനുവദിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

(ഡി) വിഷയം ഇപ്പോൾ പരിഗണനയിലില്ല .

സെക്ഷൻ ഓഫീസർ